# മോശ

## (നോവൽ-4)

ജോൺ ഇളമത

പെരുമ്പറകൾ മുഴങ്ങി. വാദ്യമേളങ്ങൾ കൊഴുത്തു. ഫറവോന്റെ കൊട്ടാരത്തിന്റെ പ്രധാന കവാടം തുറക്കപ്പെട്ടു.

ജനങ്ങൾ തമ്മിൽ തമ്മിൽ പിറുപിറുക്കുന്നതു കേട്ടു:



''ഈജിപ്റ്റിന്റെ ഭാവി ഫറവോ യുവരാജകുമാരൻ മോശയുടെ എഴുന്നള്ളത്ത്''!

ഞാൻ ആരവംമുഴക്കി നിന്ന ജനതതിയുടെ നേർക്കു കൈവീശി. അവർ അട്ടഹസിച്ച് എനിക്ക് സ്തുതിപാടി.

രാജധാനിയും പരിസരങ്ങളും വർണ്ണഭംഗിയിൽ മുങ്ങിനിന്നിരുന്നു. കൊഴുപ്പെണ്ണകൾ കത്തിയ ദീപാലങ്കാരം എങ്ങും പ്രകാശം പരത്തി. തേർപ്പടകളും കുതിരപ്പടകളും കാഴ്ചവസ്തുക്കളും സുഗന്ധദ്രവ്യങ്ങളും പേറിയ ഒട്ടകങ്ങളും എന്റെ സ്വീകരണത്തിന് അകമ്പടിസേവിച്ചു.

കണ്ണഞ്ചിപ്പിക്കുന്ന സ്വർണ്ണം പതിച്ച തേരിൽ ഞാൻ ഉരുക്ക പ്രതിമ പോലെ നിന്നു.

തനി തങ്കത്തിൽ പണിത രത്നക്കല്ലുകൾ പതിച്ച കണ്ണുകളുള്ള സ്വർണ്ണസർപ്പം എന്റെ കിരീടത്തിൽ തിളങ്ങി.

അർദ്ധനഗ്നരായ സുന്ദരികളായ ദാസിമാർ എന്റെ പാതയിൽ പൂക്കൾ വിതറി സ്വീകരിച്ചു.

നാലു വെള്ളക്കുതിരകളെ പൂട്ടിയിരുന്ന എന്റെ തേരിന്റെ ഇരുമ്പു ചക്രങ്ങൾ ആ പൂക്കളെ കശക്കിഞെരിച്ചു. പ്രതാപവാനായ മറ്റൊരു ഫറവോയുടെ എഴുന്നള്ളത്ത് എന്ന് എനിക്കു തോന്നി.

ദാസികളും കൊട്ടാര നർത്തകികളും രാജകുമാരിമാരും എന്നെ ഉറ്റുനോക്കുന്നുണ്ടെന്ന് എനിക്കുതോന്നി. ചില രാജകുമാരിമാർക്കും പ്രഭുകുമാരിമാർക്കും എന്നോട് അസൂയ ഉണ്ടെന്നാണ് തോന്നുന്നത്. നെഫർടാറി എന്നെ കൈയടക്കുന്തിൽ.

ഫറവോ സേത്തി സിംഹാസനത്തിൽ എഴുന്നള്ളി ഇരുന്നിരുന്നു. വലതു ഭാഗത്ത് നെഫർടാറി രാജകുമാരി സ്വർഗ്ഗത്തിൽ പൊട്ടിവീണ വിടരാത്ത പൂമൊട്ടു പോലെ.

റാംസ്സിസ് രാജകുമാൻ ഫറവോ സേത്തിയെ വിശിഷ്ടാഭരണങ്ങളും ഉടയാട കളും അണിയിച്ചു. വെള്ളിത്താലത്തിൽ കൊണ്ടുവന്ന രത്നങ്ങൾ തിളങ്ങുന്ന സ്വർണ്ണകിരീടം സാംസ്സിസ് ദാസിയിൽ നിന്ന് ഏറ്റുവാങ്ങി ഫറവോന്റെ തലയിൽ ചൂടി. റാംസ്സിസിൻെ റകൈയിൽ ഫറവോ സേത്തിയുടെ പ്രധാന അംഗരക്ഷകനു ള്ള വാൾ തിളങ്ങി. അവൻ നെഫർടാറിയുടെ മേൽ ഇടയ്ക്കിടയ്ക്ക് കടാക്ഷങ്ങൾ എറിയുന്നുണ്ടായിരുന്നു.

എന്തിനാണ് അവൻ ഇങ്ങനെയൊക്കെ ഫറവോ സേത്തിയെ പ്രസാദിപ്പി ക്കുന്നതെന്ന് എനിക്കറിയാം. നെഫർടാറിയെ സ്വന്തമാക്കണം. എന്നിട്ട് ഫറവോ ന്റെ പിൻഗാമിയായി ഈജിപ്റ്റിനെ ഭരിക്കണം.

നെഫർടാറി എന്നിൽ കടാക്ഷവർഷങ്ങൾ ചൊരിഞ്ഞു. എന്നിട്ട് സേത്തിയു ടെ ചെവിയിൽ മന്ത്രിക്കുന്നതുകേട്ടു:

‘‘നോക്കൂ! മോശ എന്തു സുന്ദരാണ്! കടഞ്ഞെടുത്ത ആകാരം!’’

ഫറവോ സേത്തി മന്ദഹസിച്ചു:

അസൂയ മൂത്ത റാംസ്സിസ് അവൾ കേൾക്കേ പറഞ്ഞു:

‘‘നിന്റെ ആഗ്രഹം നടക്കാൻ പോകുന്നില്ല.’’

‘‘എന്തായാലും പാരമ്പര്യം അനുസരിച്ച് നിങ്ങൾ ഇരുവരും എന്റെ മകൾ നെഫർടാറിലെ മംഗല്യംചെയ്ത് അടുത്ത ഫറവോന്റെ സിംഹാസനത്തിന് അർഹ രാണ്. പക്ഷേ ഒരു കാര്യം തീർച്ചയുണ്ട്. കഴിവിന്റെ മാനദണ്ഡത്തിൽ മാത്രമേ അ ക്കാര്യം തീർച്ചയാക്കാനാകൂ.’’

നെഫർടാറി ഇളകിയിരുന്ന് റാംസ്സിസിനെ പുച്ഛമായി നോക്കി പറഞ്ഞു: ‘‘എന്തായാലും നിന്റെ ആഗ്രഹം നടക്കാൻ പോകുന്നില്ല. അപ്പൻ എന്താണ് അ ക്കാര്യം വ്യക്തമാക്കാത്തത്?’’

നെഫർടാറി ഫറവോ സേത്തിയുടെ കരം ചുംബിച്ചു കൊഞ്ചി.

എനിക്കൊരു കാര്യം വ്യക്തമായി അറിയാം. നെഫർടാറിയുടെ വചനങ്ങൾ ഫറവോ സേത്തിക്ക് അമൃതുപോലെയാണ്.

എക്കാലത്തും ഈജിപ്റ്റിന്റെ സിംഹാസനത്തെയും കിരീടത്തെയും ഇളക്കി മറിച്ചിട്ടുള്ളവരാണ് ഫറവോമാരുടെ രാജ്ഞിമാരും കുമാരിമാരും. അവർക്കതിന് പ്രത്യേക ചാതുര്യമുണ്ട്. സർക്കസുകാരികളുടെ കൈകളിൽ കറങ്ങുന്ന പമ്പരം പോലെയാണ് മിക്ക ഫറവോമാരും.

ഞാൻ ഫറവോ സേത്തിയുടെ കരം ചുംബിച്ച് അദ്ദേഹത്തെ വണങ്ങിനി ന്നു.

അപ്പോൾ ഞാൻ എന്റെ അമ്മ ബത്തിയയെ കണ്ടു. നെഫർടാറിയും ഫറവോ സേത്തിയും ഇരിക്കുന്ന പീഠത്തിന് ഒരുപടി താഴെയാണ് രാജകൊട്ടാരത്തിലെ മറ്റു രാജ്ഞിമാരുടെയും പ്രഭുക്കന്മാരുടെയും സ്ഥാനം. അതിൽ ആദ്യത്തെ നിരയിൽ തന്നെ എന്റെ അമ്മയുണ്ട്. എന്റെ അമ്മ ഫറവോ സേത്തിയുടെ ഏക സഹോദരിയാണ്.

അമ്മ എന്റെ എഴുന്നള്ളത്തിൽ അതീവ സന്തോഷവതിയാണെന്ന് എനിക്കു തോന്നി.
അപ്പോൾ സേത്തി അല്പം ഗൗരവത്തിൽ പറഞ്ഞുതുടങ്ങി.

''എന്റെ മകൾ നെഫർടാറിലെ പരിണയിക്കുന്ന ആളായിരിക്കും അടുത്ത ഫറവോ. അതു തർക്കമില്ലാത്ത കാര്യമാണ്. അത് ആരായിരിക്കണമെന്ന് ഞാൻ തീരുമാനിച്ചിട്ടുണ്ട്. പക്ഷേ ഇപ്പോഴതു പ്രഖ്യാപിക്കാനാവില്ല.'
റാംസ്സിസിന്റെ മുഖം ചുവന്നു. അവൻ അസംതൃപ്തനായി ശബ്ദമുയർത്തി പറഞ്ഞു:

''ഫറവോ സേത്തി ഞാനാണ് നിന്റെ സ്വന്തരക്തത്തിൽ പിറന്ന പുത്രൻ. ഞാൻ അടുത്ത ഫറവോ ആയിരിക്കും. നെഫർടാറി, നീ എന്റെ രാജ്ഞിയായിരിക്കും''

റാംസ്സിന്റെ പ്രഖ്യാപനം നെഫർടാറിലെ പ്രകോപിതയാക്കി. അവൾ ശബ്ദമുയർത്തി പറഞ്ഞു.

''ഞാൻ ഒരിക്കലും നിന്റെ രാജ്ഞിയായിരിക്കുകയില്ല.''

ഫറവോ സഗൗരവം പറഞ്ഞു.: ''റാംസ്സിസ് നീ എന്റെ സ്വന്തം മകനാണ്. പക്ഷേ അടുത്ത ഫറവോയെ തിരഞ്ഞെടുക്കാനുള്ള അവകാശവും എനിക്കുള്ളതാണ്. തീർച്ചയായും ഫറവോമാരുടെ പാരമ്പര്യം അനുസരിച്ചുതന്നെ അടുത്ത ഫറവോയെ വാഴിക്കും. എന്റെ സഹോദരീപുത്രൻ മോശ എങ്ങും അറിയപ്പെടുന്നവനാണ്. എത്യോപ്യയിലും ലബനോനിലും സിറിയയിലും ഗ്രീസിലുമൊക്കെ പോയി ഉപരിപഠനം നടത്തി തിരിച്ചുവന്നിട്ടുള്ള അവൻ അടുത്ത ഫറവോയുടെ സ്ഥാനം അലങ്കരിക്കില്ലെന്ന് ആരറിഞ്ഞു! അതുകൊണ്ട് നിന്റെ സഹോദരനായ മോശയോട് ശത്രുതപാടില്ല. ഭരണാധികാരികളായ ഫറവോമാരുടെ കല്പന അലംഘനീയമാണ്. അവർ പാതാളത്തിലെ അന്ധകാരത്തിന്റെ ദേവതയുടെ പ്രതിനിധിയാണ്. സൂക്കാർ! അവനാണ് ഈജിപ്റ്റിനെ പരിപാലിക്കുന്ന ദേവൻ! ഈജിപ്റ്റിലെ പൂഴിമണ്ണിലും പൊടിയിലും അനശ്വരതയുടെ മായാജാലങ്ങൾ തീർക്കാൻ അവനാണ് ശക്തിതരുന്ത്.''

ഫറവോ ഒന്നു നിർത്തി വീണ്ടും തുടർന്നു:

''ഞാൻ ഒന്നു ചോദിക്കട്ടെ, നീ എന്റെ പുത്രനാണെങ്കിൽ തന്നെ നിന്നെ ആരറിയും? നിനക്കു എന്തു സാമർത്ഥ്യമുണ്ട്?

റാംസ്സിസ് കുപിതനായി. അവൻ ഉയർത്തിപ്പിടിച്ചിരുന്ന വാളിന്റെ വായ്തലയിൽ വിരലുകളോടിച്ച് ചൊടിച്ചു:

‘‘എന്റെ അപ്പൻ ഫറവോ സേത്തി ഒരിക്കൽ ഇതു തിരിച്ചറിയും; ഇതു സത്യം.’’

അവന്റെ ജ്വലിക്കുന്ന കണ്ണുകൾ ഫറവോനെയും കൊട്ടാരത്തെയും ദഹിപ്പിക്കുന്നുണ്ടെന്ന് എനിക്കു തോന്നി.

അപ്പോൾ നെഫർടാറിയുടെ കണ്ണുകൾക്ക് നൈൽനദിയുടെ ആഴമുണ്ടായിരുന്നു.

(തുടരും…..)